## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5993

## 02.04.2018-ലെ മറുപടിക്ക്

<u>ഗ്രീൻബുക്ക് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭരണ വകുപ്പുകളിൽ ഏകോപനം</u>

| | ചോദ്യം<br><br>ശ്രീ. രാജു എബ്രഹാം | മറുപടി<br><br>ഡോ. റ്റി. എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ ബജറ്റിനൊപ്പം സമർപ്പിക്കപ്പെട്ട ഗ്രീൻ ബുക്കിൽ എത്ര പദ്ധതികൾക്കായി എത്രകോടി രൂപയാണ് നീക്കിവെച്ചിരുന്നതെന്നും ഇതിൽ പത്തനംതിട്ട ജില്ലയിലെ പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കാമോ; | 2018-19 ബജറ്റിൽ ഗ്രീൻ ബുക്കിൽ 106 സ്കീമുകൾക്കായി 1565.96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച ചുമതല അതത് ഭരണ വകുപ്പുകളാണ് നിർവ്വഹിച്ചു വരുന്നത്. ആയതിനാൽ പ്രവൃത്തികളുടെ നിർമ്മാണവും പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളിലാണ് ലഭ്യമായിട്ടുള്ളത്. |
| (ബി) | 2017-18 ലെ ഗ്രീൻ ബുക്കിലുൾപ്പെട്ടിരുന്ന പത്തനംതിട്ട ജില്ലയിലെ എത്ര പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ; ബാക്കിയുള്ളവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| (സി) | മുന്തിയ പരിഗണന അർഹിക്കുന്നതും ഉടൻ നടപ്പിലാക്കാവുന്നതുമായ പദ്ധതികൾ എന്നനിലയിൽ ഗ്രീൻ ബുക്കിലുൾപ്പെടുത്തപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് ഭരണ വകുപ്പുകളിൽ ഏകോപനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറി തലത്തിൽ വകുപ്പു സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി അവലോകനം ചെയ്യാറുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി അവലോകനം ചെയ്യുന്നുണ്ട്. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ യോഗം വേണ്ട നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് നൽകിവരുന്നു. |
| (ഡി) | ഇത് പരിഹരിക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ അതാത് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേകം ടൈം ഷെഡ്യൂൾ തയ്യാറാക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ